# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് അറുപത്

## ദൈവസന്നിധിയിൽ മറഞ്ഞിരിക്കുന്ന മന്ന ആസ്വദിക്കുന്നത്

### നാമും കർത്താവും തമ്മിലുള്ള അകലം

Tue ഈ ദൂതിൽ നാം ആത്മികാഹാരത്തെ സംബന്ധിച്ച് ചില തത്ത്വങ്ങൾ പരിഗണിക്കേണ്ടത് ആവശ്യമാണ്. ആത്മികാഹാരം കഴിക്കുന്നത് മൊത്തമായും നാമും കർത്താവും തമ്മിലുള്ള അകലത്തെ ആശ്രയിച്ചിരിക്കുന്നു. നമുക്ക് എത്രത്തോളം ആത്മികാഹാരം കഴിക്കാൻ കഴിയുമെന്നത് ഈ അകലം നിശ്ചയിക്കുന്നു. നാം കർത്താവിൽനിന്നും വളരെയേറെ അകന്നിരിക്കുന്നുവെങ്കിൽ നമുക്ക് ഒരു ആത്മികാഹാരത്തിലും പങ്കുകൊള്ളുവാൻ കഴിയുകയില്ല. യിസ്രായേൽമക്കൾ മിസ്രയീമിലായിരുന്നപ്പോൾ അവർക്ക് മന്ന കഴിക്കുവാൻ കഴിഞ്ഞില്ല, കാരണം മന്ന മരുഭൂമിയിലുള്ള ദൈവജനത്തിനുള്ള ആത്മികാഹാരമായിരുന്നു. മരുഭൂമിയിൽ ഉണ്ടായിരുന്നവർ മിസ്രയീമിൽ ഉണ്ടായിരുന്നവരെക്കാൾ ദൈവത്തോട് അടുത്തായിരുന്നു. ആ സമയത്ത് ദൈവം മിസ്രയീമിൽ ഉണ്ടായിരുന്നില്ല; അവൻ മരുഭൂമിയിലായിരുന്നു. സ്വർഗീയ മന്നയായ ആത്മികാഹാരത്തിൽ പങ്കെടുക്കാൻ ഒരുവൻ ആഗ്രഹിക്കുന്നെങ്കിൽ, അവൻ മിസ്രയീം വിട്ട് മരുഭൂമിയിലേക്കു പോകണമായിരുന്നു. യിസ്രായേല്യർ മിസ്രയീമിൽ ആയിരുന്നിടത്തോളം അവർക്ക് ആത്മികാഹാരം ഇല്ലായിരുന്നു. ഒരു യിസ്രായേല്യൻ മരുഭൂമിയിലായിരുന്നുവെങ്കിൽപോലും, മന്നയിൽ പങ്കുകൊള്ളുന്നതിന് അവൻ അപ്പോഴും യിസ്രായേൽമക്കളുടെ പാളയത്തിനടുത്ത് ഉണ്ടായിരിക്കണമായിരുന്നു. അവൻ പാളയത്തിൽനിന്നും വളരെ അകലെയായിരുന്നെങ്കിൽ, സ്വർഗീയ മന്ന ആസ്വദിക്കുന്നത് അവന് പ്രയാസമാകുമായിരുന്നു. മന്ന ഭക്ഷിക്കുവാനാഗ്രഹിക്കുന്നവൻ യിസ്രായേൽമക്കളോടുകൂടെ പാളയമടിക്കണമായിരുന്നു. നാമും കർത്താവും തമ്മിലുള്ള അകലം ആത്മികാഹാരം ആസ്വദിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് ഇതിലൂടെ നാം കാണുന്നു.

മന്ന പാളയത്തിനടുത്ത് ഇറങ്ങിവന്നതിനാൽ മിസ്രയീമിൽനിന്നു പുറത്തുവരുകയും ദൈവത്തിന്റെ ജനത്തോടുകൂടെ പാളയമടിക്കുകയും ചെയ്യുവർക്കു മാത്രമേ അത് ആസ്വദിക്കുവാൻ വിശേഷാവകാശം ഉണ്ടായിരുന്നുള്ളൂ. യിസ്രായേൽമക്കൾ മന്ന ആസ്വദിച്ചതിനുശേഷം, ഒരിടങ്ങഴി മന്ന അവന് അർപ്പിക്കുവാൻ ദൈവം യിസ്രായേല്യരോടു കല്പിച്ചു (പുറ. 16:33). മന്ന ദൈവത്തിൽനിന്നും അവർക്ക് വരികയായിരുന്നു, അവർ അതിൽനിന്നും ഒരു പങ്ക് ദൈവത്തിന് തിരികെ അർപ്പിച്ചു. എന്താണ് മറഞ്ഞിരിക്കുന്ന മന്ന? മറഞ്ഞിരിക്കുന്ന മന്ന ദൈവത്താൽ നല്കപ്പെട്ടതും, ദൈവത്തിന് തിരികെ അർപ്പിച്ചതുമായ മന്നയുടെ മുന്തിയ പങ്കാണ്. ഇത് മന്നയുടെ വിശേഷ പങ്കാണ്. ഒരിക്കൽ മന്ന ദൈവത്തിന് അർപ്പിച്ചുകഴിഞ്ഞാൽ അതു പിന്നെ തുറന്ന മന്നയല്ല; അത് മറഞ്ഞിരിക്കുന്ന മന്നയായിത്തീർന്നു, കാരണം ദൈവത്തിന് അർപ്പിച്ചുകഴിഞ്ഞാൽ അതിനെ പൊൻകുടത്തിലാക്കി കൂടാരത്തിനുള്ളിലെ അതിവിശുദ്ധസ്ഥലത്തുള്ള പെട്ടകത്തിനുള്ളിൽ മറച്ചുവയ്ക്കുന്നു. ആരംഭത്തിൽ, മന്ന തുറന്ന അന്തരീക്ഷത്തിൽ ആകാശത്തിനു കീഴിലായിരുന്നു. അത് എന്തിനും ആർക്കും തുറന്നതായിരുന്നു. എന്നാൽ മുന്തിയ പങ്ക് ദൈവത്തിന് അർപ്പിക്കുകയും, കുടത്തിൽ വയ്ക്കുകയും ചെയ്യുശേഷം, അതിനെ കൂടാരത്തിന്റെ ഏറ്റവും ഉള്ളിലുള്ള അതിവിശുദ്ധസ്ഥലത്ത്, ദൈവത്തിന്റെ സാക്ഷ്യത്തിനു മുമ്പിൽ വയ്ക്കുന്നു. യിസ്രായേൽമക്കളുടെ ഇടയിലായിരുന്നു കൂടാരമുണ്ടായിരുന്നത്: കൂടാരത്തിനുള്ളിൽ അതിവിശുദ്ധസ്ഥലവും, അതിവിശുദ്ധസ്ഥലത്തിനുള്ളിൽ പെട്ടകവും, പെട്ടകത്തിനുള്ളിൽ പൊൻകുടവും, കുടത്തിനുള്ളിൽ മന്നയും ഉണ്ടായിരുന്നു. ഇക്കാരണത്താൽ, മന്ന മൊത്തത്തിൽ മറഞ്ഞിരുന്നു. ഈ രീതിയിൽ മന്നയുടെ മുന്തിയ പങ്ക് മറയ്ക്കപ്പെട്ടതായിത്തീർന്നു.

നിങ്ങൾ മിസ്രയീമിൽനിന്നു വന്ന ഒരു യിസ്രായേല്യനും ദൈവത്തിന്റെ ജനത്തോടുകൂടെ പാളയമടിക്കുന്നവനുമാണെന്ന് സങ്കല്പിക്കുക. നിങ്ങൾക്ക് തുറന്ന മന്ന തിന്നുവാനുള്ള വിശേഷാവകാശം ഉണ്ടെങ്കിലും, മറഞ്ഞിരിക്കുന്ന മന്ന ആസ്വദിക്കാനുള്ള അവകാശമില്ല. നിങ്ങൾ കൂടാരത്തിന്റെ ഏറ്റവും ഉള്ളിലുള്ള അറയിൽനിന്നും വളരെ ദൂരെയായതുകൊണ്ട്, നിങ്ങൾക്ക് മറഞ്ഞിരിക്കുന്ന മന്ന തിന്നുവാനുള്ള അവകാശമില്ല. ദൈവം എവിടെയാണ്? അവൻ അതിവിശുദ്ധസ്ഥലത്തിലാണ്, കൂടാരത്തിന്റെ ഏറ്റവും ഉള്ളിലുള്ള അറയിലാണ്. മരുഭൂമിയിലെ മിസ്രയീമ്യരെയും മരുഭൂമിയിലുള്ള മറ്റുള്ളവരെയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ നിങ്ങൾ ദൈവത്തോട് അടുത്തിരിക്കുന്നു. എന്നാൽ, കൂടാരത്തിന്റെ പ്രാകാരത്തിനു വെളിയിലായിരിക്കുന്നതിനാൽ നിങ്ങൾ അവനോട് അത്ര അടുത്തല്ല. ആത്യന്തികമായി

നിങ്ങൾ പ്രാകാരത്തിലേക്കു വരുമെങ്കിലും, നിങ്ങൾക്ക് അപ്പോഴും വിശുദ്ധസ്ഥലത്തേക്ക് വരാൻ കഴിയില്ല, അതിവിശുദ്ധസ്ഥലത്തേക്ക് ഒട്ടും കഴിയില്ല. നിങ്ങൾ ഒരു പുരോഹിതനാണെങ്കിൽ, നിങ്ങൾ വിശുദ്ധസ്ഥലത്ത്, പ്രാകാരത്തിൽ സേവിക്കുന്ന ലേവ്യരെക്കാൾ ദൈവത്തോട് അടുത്ത് ആയിരിക്കാം. നിങ്ങൾ വിശുദ്ധസ്ഥലത്തിൽ ശുശ്രൂഷ ചെയ്യുന്ന ഒരു പുരോഹിതനായിരുന്നാലും, നിങ്ങൾ ഇപ്പോഴും അതിവിശുദ്ധസ്ഥലത്തിലല്ല. അങ്ങനെ, അപ്പോഴും നിങ്ങൾക്കും ദൈവത്തിനും ഇടയിൽ ഒരു അകലമുണ്ട്. മറഞ്ഞിരിക്കുന്ന മന്ന ആസ്വദിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്കും ദൈവത്തിനുമിടയിൽ ഒരു അകലവും ഉണ്ടായിരിക്കരുത്. നിങ്ങൾക്കും ദൈവത്തിനുമിടയിലുള്ള എല്ലാ അകലവും ഇല്ലാതാക്കപ്പെടണം.

ഈ ദൂതിൽ മറഞ്ഞിരിക്കുന്ന മന്ന എന്താണെന്ന് വിശദീകരിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നില്ല, കാരണം ഞാൻ എത്രയധികം വിശദീകരിക്കുന്നുവോ, അത്രയുമധികം നിങ്ങൾ അസ്വസ്ഥരാക്കപ്പെടും. പകരം ഈ ചോദ്യം ഞാൻ നിങ്ങളോടു ചോദിക്കുന്നു: നിങ്ങൾ കർത്താവിനോട് എത്ര അടുത്താണ്? നിങ്ങൾക്കും അവനുമിടയിൽ ഇപ്പോഴും ഒരു അകലമുണ്ടോ? അകലമുണ്ടെങ്കിൽ, നിങ്ങൾക്ക് തുറന്ന മന്ന ആസ്വദിക്കാം, എന്നാൽ നിങ്ങൾക്ക് മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുവാൻ കഴിയുകയില്ല. നാം മറഞ്ഞിരിക്കുന്ന മന്നയിൽ പങ്കെടുക്കണമെങ്കിൽ, നമുക്കും കർത്താവിനുമിടയിൽ യാതൊരു അകലവും ഉണ്ടായിരിക്കരുത്. അകലത്തിന്റെ ഈ വിഷയം വളരെ തുറന്നുകാട്ടുന്നതാണ്. മറഞ്ഞിരിക്കുന്ന മന്ന എന്താണെന്ന് നമുക്ക് അറിയില്ലായിരിക്കാം, എങ്കിലും കർത്താവിൽനിന്ന് നാം എത്ര അകലത്താണെന്ന് നമുക്കറിയാം. നിങ്ങൾ എവിടെയാണ്? നിങ്ങൾ മിസ്രയീമിലാണോ? നിങ്ങൾ മരുഭൂമിയിലോ, കൂടാരത്തിനു എതിർവശത്തുള്ള വീഥിയിലോ ആണോ? നിങ്ങൾ പ്രാകാരത്തിലോ, വിശുദ്ധസ്ഥലത്തോ, അതിവിശുദ്ധസ്ഥലത്തോ ആണോ? നാം സത്യസന്ധരാണെങ്കിൽ, ചിലർ സഭാജീവിതത്തിന്റെ പ്രാകാരത്തിലാണെന്ന് അവർ പറയും. സഭാജീവിതത്തിൽപോലും ഭാഗങ്ങളുണ്ട്: പ്രാകാരത്തിന്റെ ഭാഗവും, വിശുദ്ധസ്ഥലത്തിന്റെ ഭാഗവും, അതിവിശുദ്ധസ്ഥലത്തിന്റെ ഭാഗവും. അതിവിശുദ്ധസ്ഥലത്തിൽപോലും ചില ചെറിയ ഭാഗങ്ങളുണ്ട്. നിങ്ങൾ സഭാജീവിതത്തിന്റെ പ്രാകാരത്തിലോ വിശുദ്ധസ്ഥലത്തോ ആണെങ്കിൽ, നിങ്ങൾക്ക് മറഞ്ഞിരിക്കുന്ന മന്നയെ തൊടുവാൻ കഴിയില്ല. നിങ്ങൾക്ക് യാഗപീഠത്തിലെ യാഗവസ്തുക്കളോ മേശയിലെ കാഴ്ചയപ്പമോ മാത്രമേ ഭക്ഷിക്കുവാൻ കഴിയൂ. ഇപ്പോഴും നിങ്ങൾ മറഞ്ഞിരിക്കുന്ന മന്ന ഇരിക്കുന്നിടമായ സ്ഥലത്തല്ല.

Wed യിസ്രായേൽമക്കൾ നല്ലദേശത്തിലേക്കു പ്രവേശിച്ചതിനുശേഷം, അവർ ദേശത്തിന്റെ വിളവു ഭക്ഷിച്ചു. നല്ലദേശത്തുണ്ടായിരുന്ന

യിസ്രായേൽമക്കൾക്കെല്ലാം ഏതു സമയത്തും ദേശത്തിന്റെ വിളവിൽ പങ്കുകൊള്ളുവാൻ കഴിയുമെന്ന് പഴയനിയമത്തിൽ നമ്മോട് വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ദേശത്തിന്റെ അതിരിനു വെളിയിലുള്ള ആർക്കും ഈ വിളവ് ആസ്വദിക്കുവാൻ അവകാശമില്ലായിരുന്നു. ഇവിടെ അകലത്തിന്റെ കാര്യം നാം പിന്നെയും കാണുന്നു. മൂന്നു വാർഷിക വിരുന്നുകളുടെ സമയത്ത് യിസ്രായേൽമക്കൾ ഒരുമിച്ചു കൂടിവരുമ്പോൾ അവർ പൊതുവായ വിളവായിരുന്നില്ല ഭക്ഷിച്ചത്, പ്രത്യുത, വിരുന്നിനുവേണ്ടി മാത്രമായി കരുതിവച്ചിരുന്ന വിളവിന്റെ പങ്കായിരുന്നു ഭക്ഷിച്ചിരുന്നത്. സാധാരണ സമയങ്ങളിൽ യിസ്രായേല്യർ പൊതുവായ പങ്ക് ആസ്വദിച്ചു. എന്നാൽ വിരുന്നുകളുടെ സമയത്ത് അവർ സവിശേഷ പങ്ക്, മുന്തിയ പത്തിലൊന്ന് ആസ്വദിച്ചിരുന്നു, കാരണം അവർ ദൈവത്തിന് അർപ്പിച്ച നല്ലദേശത്തിലെ വിളവിന്റെ മുന്തിയ പങ്ക് ആസ്വദിച്ചിടമായ ദൈവത്തിന്റെ വാസസ്ഥലത്തിനു ചുറ്റും കൂടിവരുവാൻ ഒന്നിച്ചുവന്നതുനിമിത്തം അവർ ദൈവത്തോട് അടുത്തായിരുന്നു (ആവ. 12:17-18; 14:22-23). അവരുടെ വിളവിന്റെ മറ്റൊരു പത്തിലൊന്ന്, ജനം ഇരുന്നതിനെക്കാൾ കൂടുതൽ ദൈവത്തോട് അടുത്തിരുന്നവരും, പ്രാകാരത്തിലോ വിശുദ്ധസ്ഥലത്തിലോ സേവിച്ചിരുന്നവരുമായ പുരോഹിതന്മാർക്കും ലേവ്യർക്കും നല്കപ്പെട്ടിരുന്നു. അങ്ങനെ, യിസ്രായേല്യൻ ദൈവത്തോട് അടുത്തിരിക്കുന്തോറും അവന്റെ ആത്മികാഹാരത്തിന്റെ ആസ്വാദനം മേന്മയേറിയതായിരിക്കും. സംഖ്യ. 18:26-28 അനുസരിച്ച് പുരോഹിതന്മാരും ലേവ്യരും ദശാംശം സ്വീകരിച്ചതിനുശേഷം അവർ പത്തിലൊന്നിന്റെ പത്തിലൊന്ന് കർത്താവിന് അർപ്പിച്ചു. ഒരു ഉദർച്ചാർപ്പണമായി ദൈവത്തിന് അർപ്പിച്ച ഈ പരമോന്നത പങ്ക് പിന്നീട് അതിവിശുദ്ധസ്ഥലത്തിൽ ദൈവത്തിനു ശുശ്രൂഷ ചെയ്ത മഹാപുരോഹിതനു നല്കി. അവൻ ദൈവത്തോട് ഏറ്റവും അടുത്തായിരുന്നവനായതിനാൽ, നല്ലദേശത്തിന്റെ വിളവിന്റെ പരമോന്നത പങ്ക് ആസ്വദിക്കുവാൻ അവന് അവകാശമുണ്ടായിരുന്നു.

നാം ദൈവത്താൽ തിന്നു തൃപ്തരാകണമെങ്കിൽ, അവൻ തന്റെ ജനത്തെ തിന്നു തൃപ്തരാക്കുന്ന മണ്ഡലത്തിനുള്ളിൽ നാം ആയിരിക്കണം. അല്ലെങ്കിൽ, നമുക്ക് ഒരു ആത്മികാഹാരവും ആസ്വദിക്കുവാൻ കഴിയില്ല. നാം ഈ മണ്ഡലത്തിനുള്ളിൽ കഴിയുമെങ്കിൽ, നമുക്ക് ആത്മികാഹാരം ആസ്വദിക്കുവാനുള്ള വിശേഷാവകാശമുണ്ട്. എന്നാൽ നാം ഈ മണ്ഡലത്തിന്റെ അതിരിനോടടുത്ത് നിലകൊള്ളുമെങ്കിൽ ആത്മികാഹാരത്തിന്റെ പൊതുവായ ഭാഗം മാത്രമേ നമ്മുടേതായിരിക്കുകയുള്ളൂ. എന്നാൽ നാം മധ്യത്തിലേക്ക്, ദൈവത്തിലേക്ക് വരുന്നുവെങ്കിൽ, ഈ ആത്മികാഹാരത്തിന്റെ മേന്മയേറിയ ഭാഗം നമുക്കാസ്വദിക്കാം.

ഞാൻ നല്ലദേശത്തിലെ ഒരു യിസ്രായേല്യനാണെങ്കിൽ, ദേശത്തിലെ വിളവിന്റെ പൊതുവായ പങ്ക് ആസ്വദിക്കുവാനുള്ള അവകാശം എനിക്കുണ്ട്. എന്നാൽ വാർഷിക വിരുന്നുകളുടെ സമയത്ത് ആലയത്തിലേക്കു പോയി ദൈവത്തെ ഞാൻ അന്വേഷിക്കുന്നുവെങ്കിൽ, ഞാൻ കർത്താവിനോട് അടുത്തിരിക്കുകയും വർഷത്തിൽ മൂന്നു പ്രാവശ്യം മേന്മയേറിയ ചിലത് ആസ്വദിക്കുവാനുള്ള വിശേഷാവകാശം എനിക്കുണ്ടായിരിക്കുകയും ചെയ്യും. ഇത് പൊതുവായ പങ്കല്ല; ഇത് ദേശത്തിലെ വിളവിന്റെ വിശേഷ പങ്കാണ്. ഞാൻ പ്രാകാരത്തിലെ ഒരു ലേവ്യനോ വിശുദ്ധസ്ഥലത്തിലെ ഒരു പുരോഹിതനോ ആണെങ്കിൽ, എല്ലാ ദിവസവും ദേശത്തിലെ വിളവിന്റെ മേന്മയേറിയ പങ്ക് എനിക്ക് ആസ്വദിക്കുവാൻ കഴിയും. ദൈവത്തോട് വളരെ അടുത്തിരുന്നുകൊണ്ട് ഞാൻ ദൈവസന്നിധിയിൽ ശുശ്രൂഷിക്കുന്ന ഒരു മഹാപുരോഹിതനാണെങ്കിൽ, നല്ലദേശത്തിലെ വിളവിന്റെ വിശേഷതയേറിയ പങ്ക്, പരമോന്നതമായ പങ്ക് ആസ്വദിക്കാനുള്ള അവകാശം എനിക്കുണ്ട്. ഇക്കാരണത്താൽ നമ്മുടേതായ ആത്മികാഹാരത്തിന്റെ പങ്ക് നമുക്കും കർത്താവിനും ഇടയിലുള്ള അകലത്തെ ആശ്രയിച്ചിരിക്കുന്നു.

## ജയാളികൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട മറഞ്ഞിരിക്കുന്ന മന്ന

മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കാനുള്ളതല്ല, ഒരു സ്മാരകത്തിനുവേണ്ടി മാത്രമുള്ളതാണെന്ന് ചിലർ പറഞ്ഞേക്കാം. നമുക്ക് വെളിപ്പാട് 2:17 ഇല്ലായിരുന്നെങ്കിൽ, ഈ വാദത്തിന് കുറച്ച് അർഥമുണ്ടാകുമായിരുന്നു. എന്നാൽ ഈ വാക്യത്തിൽ കർത്താവു വാഗ്ദത്തം ചെയ്യുന്നത് ദൈവസന്നിധിയിൽ ഒരു സ്മാരകമായി സൂക്ഷിച്ചിരിക്കുന്ന ഇടങ്ങഴി മന്ന ജയാളികൾക്ക് ഭക്ഷിക്കുവാൻ നല്കുമെന്നാണ്. ഇത് ലൗകികരായ ക്രിസ്ത്യാനികൾക്ക്, രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോഴും മിസ്രയീമിൽ കഴിയുന്നവർക്ക്, വാഗ്ദത്തം ചെയ്തിട്ടില്ല; മരുഭൂമിയിൽ അലഞ്ഞുതിരിയുന്നവർക്കും വാഗ്ദത്തം ചെയ്തിട്ടില്ല. ഇത് പെർഗ്ഗമൊസിലുള്ള സഭയിലെ ജയാളികൾക്കു നല്കപ്പെട്ട ഒരു വാഗ്ദത്തമാണ്. പെർഗ്ഗമൊസിലുള്ള സഭ ലോകത്തോട് വിവാഹം ചെയ്തിരുന്നു. അത് മിസ്രയീമ്യരുടെ ഭവനത്തെക്കാൾ ദൈവത്തിന്റെ ഭവനത്തെ അധികം ലൗകികമാക്കിക്കൊണ്ട് മിസ്രയീമിലേക്ക് മടങ്ങിപ്പോയ ഒരു സഭയായിരുന്നു. ഇങ്ങനെയുള്ള ലൗകികമായ ഒരു സഭയിലുണ്ടായിരുന്ന ജയാളികൾക്കായിരുന്നു മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നതിന്റെ വാഗ്ദത്തം നല്കിയത്. ഇത് അർഥമാക്കുന്നത് ലൗകികരാകുന്നതിനെ നാം ജയിക്കുന്നുവെങ്കിൽ, നാം ദൈവസന്നിധിയിൽ ആയിരിക്കുകയും നമുക്ക് മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നതിന്റെ വിശേഷാവകാശം

ഉണ്ടായിരിക്കുകയും ചെയ്യും എന്നാണ്. ഈ മന്ന നൂറ്റാണ്ടുകളായി ഇവിടെ മറഞ്ഞിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "നിങ്ങൾ ലോകത്തെയും, ലൗകികമായ സാഹചര്യത്തെയും, ലൗകികമായ സഭയെയും, സഭയും ലോകവും തമ്മിലുള്ള ലൗകികമായ ബന്ധത്തെയും വെറുക്കുന്നതു നിമിത്തവും, നിങ്ങൾ എന്നോട് വളരെ അടുത്തിരിക്കുന്നത് നിമിത്തവും എന്റെ സന്നിധിയിൽ സൂക്ഷിച്ചിരിക്കുന്ന മറഞ്ഞിരിക്കുന്ന മന്ന ഞാൻ നിങ്ങൾക്ക് ഭക്ഷിക്കുവാൻ തരും." വെളിപ്പാട് 2:17-ൽ ജയാളികൾക്കുള്ള ഈ വാഗ്ദത്തത്തെക്കുറിച്ച് സംസാരിക്കുന്നതിനുമുമ്പ് അവൻ പറഞ്ഞു, "ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ." ഇത് കേൾക്കുവാൻ നമുക്കെല്ലാവർക്കും ചെവി ഉണ്ടായിരിക്കട്ടെ.

ഏകദേശം ഇരുപതു നൂറ്റാണ്ടുകളായി സ്വർഗത്തിൽനിന്നും തുറന്ന മന്നയായി ക്രിസ്തു നല്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ, തന്റെ വ്യവസ്ഥയിൻകീഴിൽ ദൈവം തന്റെ സന്നിധിയിൽ ക്രിസ്തുവിന്റെ ഒരു സവിശേഷ പങ്ക് സൂക്ഷിച്ചുവച്ചു, ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു, തനിക്കും ദൈവത്തിനുമിടയിൽ അകലമുള്ള ഒരുവനും അതു ഭക്ഷിക്കുവാൻ അവകാശമില്ല. നിരവധി ക്രിസ്ത്യാനികൾ അവരുടെ തുറന്ന മന്നയായി ക്രിസ്തുവിനെ ആസ്വദിച്ചിട്ടുണ്ട്. നിങ്ങൾ വിശുദ്ധന്മാരുടെ ചരിത്രവും ആത്മകഥകളും വായിച്ചിട്ടുണ്ടെങ്കിൽ അവരിൽ അനേകരും ക്രിസ്തുവിനെ തുറന്ന മന്നയായി ആസ്വദിച്ചിട്ടുണ്ടെന്ന് നിങ്ങൾ കാണും. എന്നാൽ ക്രിസ്തുവിന്റെ മുന്തിയ പങ്ക് ദൈവസന്നിധിയിൽ സൂക്ഷിച്ചിരിക്കുന്നു: ലൗകികയായിത്തീരുകയും ലോകത്തോട് വിവാഹംകഴിക്കുകയും ചെയ്ത സഭയുമായി മുന്നോട്ടുപോകുവാൻ വിസമ്മതിക്കുന്നവർക്ക് അത് ഇപ്പോഴും ഇവിടെയുണ്ട്. ദൈവത്തിന്റെ ദൃഷ്ടിയിൽ അധഃപതിച്ച സഭയും ലോകവും തമ്മിൽ ഒരു ആത്മികവിവാഹം ഉണ്ടായിരുന്നു. ക്രിസ്തു ആയിരിക്കണം സഭയുടെ ഭർത്താവ്. എന്നാൽ ഇന്ന് അവളുടെ ഭർത്താവായിരിക്കുവാൻ ക്രിസ്തുവിനെ പരിഗണിക്കാതെ സഭ ലോകത്തെ വിവാഹം കഴിച്ചിരിക്കുന്നു. ഈ വിവാഹവുമായി യോജിക്കാത്തവരും എന്നാൽ നിഷ്കർഷതയോടെ ദൈവസന്നിധിയിൽ തുടരുന്നവരുമായ പ്രിയപ്പെട്ടവർക്ക്, ദൈവസന്നിധിയിൽ സൂക്ഷിച്ചിരിക്കുന്ന ക്രിസ്തുവിന്റെ ആ പങ്ക് ഭക്ഷിക്കുവാനുള്ള വിശേഷാവകാശം കർത്താവു വാഗ്ദത്തം ചെയ്തിരിക്കുന്നു. ഇതാണ് മറഞ്ഞിരിക്കുന്ന മന്ന.

## കർത്താവിന്റെ സന്നിധിയിൽ അവനെ ശുശ്രൂഷിക്കുന്നത്

"ഭവനത്തിനോ കർത്താവിനോ ഉള്ള ശുശ്രൂഷ" എന്ന ചെറുപുസ്തകത്തിൽ ദൈവമല്ലാത്ത ഏതെങ്കിലും നല്ലതിനല്ല, ദൈവത്തിന് ശുശ്രൂഷിക്കുവാൻ സഹോദരൻ വാച്ച്മാൻ നീ

നമ്മെ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ ഇന്ന് ക്രിസ്ത്യാനികൾക്കിടയിലുള്ള സാഹചര്യത്തെ നോക്കുക. മിക്കവാറും എല്ലാ ക്രിസ്ത്യാനികളും ദൈവത്തിനല്ല, ദൈവമല്ലാത്ത ചിലതിന് ശുശ്രൂഷ ചെയ്യുന്നു. അവർ മിഷൻ വയലിലേക്കു പോകുകയും, ദേഹികളെ രക്ഷിക്കുകയും, വേദപുസ്തകം പഠിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള നിരവധി പ്രവൃത്തികളുണ്ട്, അവ ദൈവത്തിനുവേണ്ടിയുള്ള പ്രവൃത്തികളാണെങ്കിലും ദൈവംതന്നെയല്ല. അങ്ങനെയുള്ള പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തുറന്ന മന്നയായ തുറന്ന ക്രിസ്തുവിനെ ആസ്വദിക്കുവാൻ അവകാശമുണ്ട്. എന്നാൽ ദൈവത്തെയല്ലാതെ മറ്റൊന്നിനെയും സേവിക്കാത്തവർക്കുവേണ്ടി അപ്പോഴും ദൈവസന്നിധിയിൽ സൂക്ഷിച്ചിരിക്കുന്ന ക്രിസ്തുവിന്റെ മുന്തിയ പങ്കുണ്ട്.

ഇന്നു നാം പെർഗ്ഗമൊസിലെ സഭയുടെ അതേ സാഹചര്യത്തിലാണ്. ക്രിസ്തുമതം ദൈവസന്നിധിയിൽനിന്നും പുറത്തുപോയിരിക്കുന്നു. വിശ്വാസത്യാഗിനിയായ ക്രിസ്തുമതം മാത്രമല്ല, മൗലികമായ ക്രിസ്തുമതം എന്ന് വിളിക്കപ്പെടുന്നതുപോലും ദൈവസന്നിധിയിൽനിന്ന് വളരെ ദൂരെയാണ്. ക്രിസ്തുമതം ദൈവത്തിനുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്യുന്നുവെങ്കിലും ഈ കാര്യങ്ങൾ ദൈവം തന്നെയല്ല. ഇക്കാരണത്താൽ, പെർഗ്ഗമൊസിലെ സഭയുടെ സാഹചര്യത്തെ ജയിക്കുന്ന പ്രിയപ്പെട്ടവർക്കുവേണ്ടി ദൈവസന്നിധിയിൽ ക്രിസ്തുവിന്റെ വിശേഷ പങ്ക് സൂക്ഷിച്ചിരിക്കുന്നു. പെർഗ്ഗമൊസിലെ സഭയുടെ അവസ്ഥയെ ജയിക്കുന്നത് ഇന്നത്തെ ക്രിസ്തുമതത്തിന്റെ പൊതുവായ അനുഷ്ഠാനത്തിൽനിന്നും നിങ്ങളെത്തന്നെ വേർപെടുത്തി, മറ്റൊന്നിനെയുമല്ല ദൈവത്തിന് നേരിട്ട് ശുശ്രൂഷിച്ചുകൊണ്ട് ദൈവസന്നിധിയിൽ നിലനിൽക്കുന്നതാണ്. ഇവിടെ നമുക്ക് ക്രിസ്തുവിന്റെ വിശേഷ പങ്കായ മറഞ്ഞിരിക്കുന്ന മന്നയുടെ ആസ്വാദനം ഉണ്ട്. അവന്റെ സന്നിധിയിൽനിന്നും വളരെ ദൂരത്തായിരിക്കുന്നവർക്ക് രുചിക്കുവാൻ കഴയാത്ത ക്രിസ്തുവിന്റേതായ ചിലത് ഇവിടെ നാം ആസ്വദിക്കുന്നു.

പഴയനിയമത്തിലെ കൂടാരത്തിനുചുറ്റുമുള്ള സേവനത്തെ പരിഗണിക്കുക. ലേവ്യർ പ്രാകാരത്തിൽ സേവിക്കുകയും, പുരോഹിതന്മാർ കാഴ്ചയപ്പം ക്രമത്തിൽ വയ്ക്കുകയും, വിളക്ക് ഒരുക്കുകയും, ധൂപം കത്തിക്കുകയും ചെയ്തുകൊണ്ട് പ്രാകാരത്തിലും വിശുദ്ധസ്ഥലത്തിലും സേവിക്കുകയും ചെയ്യുന്നു. എന്നാൽ മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ചപ്പോൾ അവിടെ ഒന്നും തന്നെ ചെയ്യാനുണ്ടായിരുന്നില്ല. ഇവിടെ അതിവിശുദ്ധസ്ഥലത്തിൽ മഹാപുരോഹിതൻ ദൈവസന്നിധിയിൽ നേരിട്ട് ശുശ്രൂഷിച്ചു. ഇവിടെ അതിവിശുദ്ധസ്ഥലത്തിൽ ശുശ്രൂഷിക്കുന്നവൻ മറഞ്ഞിരിക്കുന്ന മന്ന

ആസ്വദിക്കുന്നു. എന്താണ് മറഞ്ഞിരിക്കുന്ന മന്ന? അത് നമുക്കും ദൈവത്തിനുമിടയിൽ യാതൊരു അകലവും ഇല്ലാതിരിക്കുമ്പോൾ ദൈവസന്നിധിയിൽ നാം ആസ്വദിക്കുന്ന ക്രിസ്തുവിന്റെ ആ പങ്കാണ്.

നമുക്കെല്ലാവർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയുന്നതുപോലെ, നാം കർത്താവിനോട് വളരെ അടുത്തല്ലെന്നു നാം തിരിച്ചറിഞ്ഞിരുന്ന നിരവധി സമയങ്ങൾ ഉണ്ടായിരുന്നു. എന്നിട്ടും, നമുക്കും കർത്താവിനുമിടയിൽ ഒരു അകലം ഉണ്ടായിരുന്നെങ്കിലും, നാം അവന്റേതായ ചിലത് ആസ്വദിച്ചിരുന്നു. എന്നിരുന്നാലും, കർത്താവിനെ നാം ആസ്വദിച്ചത് അത്ര മധുരകരമല്ലായിരുന്നുവെന്ന ബോധം നമുക്കുണ്ടായിരുന്നു. മറ്റു ചില സമയങ്ങളിൽ നാം കർത്താവിനോട് അല്പംകൂടി അടുത്തിരിക്കുകയും അവന്റെ ആസ്വാദനം മധുരകരമായിരുന്നു എന്ന അനുഭൂതിയുണ്ടാകുകയും ചെയ്തു. ചില യുവാക്കൾ സിനിമയ്ക്കു പോകാൻ ഇപ്പോഴും പ്രലോഭിപ്പിക്കപ്പെട്ടേക്കാം. ഒരു യുവ സഹോദരൻ സിനിമയ്ക്കു പോകുന്നുവെങ്കിൽ ഒരർഥത്തിൽ അവിടെയായിരിക്കുമ്പോൾ അവൻ അപ്പോഴും ക്രിസ്തുവിനെ ആസ്വദിച്ചേക്കാം. അവൻ സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ, "നീ ഇവിടെ എന്താണു ചെയ്യുന്നത്? ഇവിടെനിന്നും പുറത്തുപോകുക. ഇനി മടങ്ങിവരരുത്" എന്നു പറഞ്ഞുകൊണ്ട് ക്രിസ്തു അവനെ ശല്യപ്പെടുത്തിയേക്കാം. ഇത് എന്തുതരം അനുഭവമാണ്? ഇത് തുറന്ന മന്നയുടെ ഏറ്റവും തുറന്ന പങ്കായുള്ള ക്രിസ്താനുഭവമാണ്. ചിലപ്പോൾ ക്രിസ്തീയ ഭർത്താക്കന്മാരും ഭാര്യമാരും അന്യോന്യം വാക്കുതർക്കങ്ങൾ ഉണ്ടാകുകയും, അവർ തർക്കിക്കുമ്പോൾത്തന്നെ അവർ ക്രിസ്തുവിനെ ആസ്വദിക്കുകയാണെന്ന അനുഭൂതി അവർക്കുണ്ടായിരിക്കുകയും ചെയ്യുന്നു. ഒരു സഹോദരൻ തന്റെ ഭാര്യയുമായി തർക്കിക്കുമ്പോൾ കർത്താവു പറയും, "നിർത്തൂ! നീ ഇവിടെ എന്താണു ചെയ്യുന്നത്? നീ മുഴുവൻ സാഹചര്യത്തെയും നശിപ്പിക്കുകയാണ്. ഇനിമേൽ ഇതു ചെയ്യരുത്. നിന്റെ കിടപ്പുമുറിയിലേക്കു പോയി മുട്ടുകുത്തി എന്നോടു പ്രാർഥിക്കുക." ഇതും തുറന്ന മന്നയായുള്ള ക്രിസ്തുവിന്റെ ഒരു ആസ്വാദനമാണ്. എന്നാൽ മറ്റു സമയങ്ങളിൽ, നമുക്കും കർത്താവിനുമിടയിൽ യാതൊരു അകലവും ഇല്ലാതിരിക്കുമ്പോൾ ഏറ്റവും ഹൃദ്യവും മറഞ്ഞിരിക്കുന്നതുമായ രീതിയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുന്നു. ഇതാണ് ക്രിസ്തുവിന്റെ മറഞ്ഞിരിക്കുന്ന പങ്കായ മറഞ്ഞിരിക്കുന്ന മന്നയുടെ ആസ്വാദനം.

കഴിഞ്ഞ കാലങ്ങളിൽ വിവിധ തരത്തിലുള്ള ക്രിസ്തീയവേലയിൽ ഉൾപ്പെട്ടിരുന്ന നമ്മിൽ അനേകരും ഇങ്ങനെയുള്ള വേലയിൽ ഇനിമേൽ നമുക്കു പങ്കെടുക്കാൻ കഴിയില്ലെന്ന് കാണുവാൻ പ്രകാശിപ്പിക്കപ്പെട്ടു. നാം അതിനെ ഉപേക്ഷിക്കുകയും ഇടുങ്ങിയ വഴി എടുക്കുകയും ചെയ്തു. "നിങ്ങൾ നിങ്ങളെത്തന്നെ

കൊല്ലുകയാണ്" എന്ന് പുറമെ ജനം നമ്മെക്കുറിച്ചു പറഞ്ഞു. അതെ, നമ്മുടെ വേല ഉപേക്ഷിക്കുന്നതിലൂടെ നാം നമ്മെത്തന്നെ കൊല്ലുകയായിരുന്നു. എന്നാൽ അതേ സമയം, നമുക്കും കർത്താവിനുമിടയിൽ ഒരു അകലമുണ്ടായിരിക്കുവാൻ, ദേഹികളെ രക്ഷിക്കുന്നതോ വേദപുസ്തകം പഠിപ്പിക്കുന്നതോ ആയ വേലയെപോലും അനുവദിക്കാതെ, കർത്താവിനുവേണ്ടി നമ്മുടെ വേലയെ വിട്ടുകളഞ്ഞതിനുശേഷം, നാം കർത്താവിന്റെ നേരിട്ടുള്ള സാന്നിധ്യത്തിലേക്കു വരുകയും മറഞ്ഞിരിക്കുന്ന മന്ന ആസ്വദിക്കുകയും ചെയ്യു. എന്തുകൊണ്ടാണ് എനിക്ക് നിരവധി തരത്തിലുള്ള വേലയിൽ ചേരാൻ കഴിയാത്തത്? എന്തെന്നാൽ അങ്ങനെയുള്ള വേല ദൈവസന്നിധിയിൽനിന്നും വളരെ ദൂരത്താകുന്നു. അത് ലൗകികമാണ്, ലോകത്തെ വിവാഹം കഴിക്കുകയും ലൗകികതകൊണ്ടു നിറഞ്ഞിരിക്കുന്നതുമായ സഭയുടെ ഒരു അടയാളമാണ്. നമ്മുടെ ജീവന്റെപോലും വിലകൊടുത്തുകൊണ്ട് ആ വേല നാം ഉപേക്ഷിച്ചപ്പോൾ, കർത്താവിന്റെ സന്നിധിയിലേക്ക് നാം നേരിട്ട് കൊണ്ടുവരപ്പെട്ടു. നമ്മിൽ അനേകർക്കും ഈ അനുഭവമുണ്ടായിട്ടുണ്ട്.

1932-ൽ എന്റെ ജന്മനാട്ടിൽ സഭാജീവിതത്തിന് ഞങ്ങൾ തുടക്കംകുറിച്ചു. ഏതാണ്ട് ഒരു വർഷത്തിനുശേഷം എതിർപ്പു വന്നു. ക്രിസ്ത്യാനികളുടെ ഇടയിൽ ഞാൻ ബഹുമാനിക്കപ്പെടുകയും, ഏകദേശം എല്ലാവരും എന്നെ സ്നേഹിക്കുകയും ചെയ്തിരുന്നു. എന്നാൽ സഭാജീവിതം നിമിത്തം ഞാനുമായി അടുത്ത സൗഹൃദമുണ്ടായിരുന്ന ചിലർപോലും എന്നെ വഴിയിൽവച്ച് അഭിവാദ്യം ചെയ്യാതെയായി. എതിർപ്പിനാലും ആക്രമണത്താലും ഞാൻ പ്രയാസപ്പെട്ടു; ഈ രീതിയിൽ ഞാൻ കർത്താവിനെ അനുഗമിക്കുന്നത് തെറ്റായിരിക്കാം എന്നു ചിന്തിക്കുകയും എന്തുകൊണ്ടാണ് കർത്താവിന്റെ മക്കൾ എന്നോട് ഇത്ര മോശമായി പെരുമാറുന്നതെന്ന് അതിശയിക്കുകയും ചെയ്തു. എങ്കിലും, ഇതിനെ സംബന്ധിച്ച് ഞാൻ കർത്താവിന്റെ അടുക്കൽ പോയപ്പോൾ അവനും എനിക്കുമിടയിൽ എന്തൊരു ഹൃദ്യബന്ധം ഉണ്ടായിരുന്നുവെന്നോ! അതിനെ വിശദീകരിക്കുവാൻ എനിക്ക് വാക്കുകളില്ല. ഇപ്പോൾ ഞാൻ അതിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, അത് മറഞ്ഞിരിക്കുന്ന മന്നയുടെ ആസ്വാദനമായിരുന്നു എന്ന് എനിക്ക് കാണുവാൻ കഴിയും.

മറഞ്ഞിരിക്കുന്ന മന്ന തുറന്ന മന്ന പോലെയാണെങ്കിലും, വ്യത്യസ്തമായ ഒരു സാഹചര്യത്തിലാണ്. മന്ന തുറന്ന അന്തരീക്ഷത്തിലായിരിക്കുമ്പോൾ അത് തുറന്ന മന്നയാണ്. അത് കർത്താവിന്റെ സന്നിധിയിൽ ആയിരിക്കുമ്പോൾ, നിരവധി പാളികളിൻകീഴിൽ മറച്ചിരിക്കുമ്പോൾ, അത് മറഞ്ഞിരിക്കുന്ന മന്നയായിത്തീരുന്നു. സ്വഭാവത്തിലും, പ്രവർത്തനത്തിലും,

മറ്റെല്ലാ വശത്തിലും മറഞ്ഞിരിക്കുന്ന മന്ന തുറന്ന മന്നപോലെ തന്നെയാണ്. സ്വഭാവത്തിലോ പ്രവർത്തനത്തിലോ യാതൊരു വ്യത്യാസവും ഇല്ലാതിരിക്കുമ്പോൾ, സ്ഥാനത്തിൽ വ്യത്യാസമുണ്ട്. തുറന്ന മന്ന ജനത്തിന് തുറന്നതും മറഞ്ഞിരിക്കുന്ന മന്ന അടഞ്ഞതുമാണ്. നാം ലൗകികരായ ക്രിസ്ത്യാനികളോടുകൂടെയോ അതോ ദൈവത്തോടുകൂടെയോ മുന്നോട്ടുപോകും എന്ന് നമ്മോടുതന്നെ ചോദിക്കണം. ലൗകികരായ ക്രിസ്ത്യാനികളോടുകൂടെയാണ് നാം പോകുന്നതെങ്കിൽ, നാം തുറന്ന ക്രിസ്തു എന്ന തുറന്ന മന്ന മാത്രമേ ആസ്വദിക്കുകയുള്ളൂ. എന്നാൽ ക്രിസ്തു എപ്പോഴും ദൈവത്തിൽ മറഞ്ഞിരിക്കുന്നതുകൊണ്ട് മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ നമുക്ക് ആസ്വദിക്കാനാവില്ല.

നാം ദൈവത്തിൽനിന്നും എത്രമാത്രം അകലെയായിരിക്കുന്നുവോ, അത്രയും കുറച്ചു സേവനമേ അവനുവേണ്ടി നമുക്കുള്ളൂ. നാം അവനോട് എത്ര അടുത്തിരിക്കുന്നുവോ, അതയുമധികം സേവനം നാം അവനു നല്കുന്നു. ഒടുവിൽ, അതിവിശുദ്ധസ്ഥലത്തിൽ ദിവ്യതേജസ്സിന്റെ സാന്നിധ്യത്തിലേക്കു നാം പ്രവേശിക്കുമ്പോൾ എല്ലാ സേവനവും നിലയ്ക്കുന്നു. ഇവിടെ നമുക്ക് കർത്താവിന്റെ സാന്നിധ്യം മാത്രമുണ്ടായിരിക്കുകയും, മറഞ്ഞിരിക്കുന്ന മന്നയായ മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ ആസ്വദിക്കുകയും ചെയ്യുന്നു. ഇവിടെയാണ് നമുക്ക് കർത്താവുമായി നേരിട്ടുള്ള കൂട്ടായ്മ ഉണ്ടായിരിക്കുന്നതും അവന്റെ ഹൃദയത്തെയും അവന്റെ ഉദ്ദേശ്യത്തെയും അറിയുന്നതും. ഇവിടെയാണ് നമുക്ക് അവന്റെ ഉദ്ദേശ്യത്തെക്കൊണ്ടും, നാം ചെയ്യണമെന്ന് അവൻ ആഗ്രഹിക്കുന്നതിനെക്കൊണ്ടും അവനാൽ ഉത്തേജിപ്പിക്കപ്പെടുവാൻ കഴിയുന്നത്. ഈ രീതിയിൽ നാം അവന്റെ ഹൃദയത്തെയും അവന്റെ ഉദ്ദേശ്യത്തെയും അറിയുന്ന ഒരു വ്യക്തിയായിത്തീരുന്നു. നാം അങ്ങനെയുള്ള ഒരു വ്യക്തിയായിരിക്കുമ്പോൾ, അവന്റെ പ്രതിബദ്ധത നമ്മുടേതായിരിക്കും. എന്തുകൊണ്ടാണ് നമുക്ക് ദൈവത്തിന്റെ പ്രതിബദ്ധത ഉണ്ടായിരിക്കുന്നത്? കാരണം നാം അവന്റെ സാന്നിധ്യത്തിലാണ്. നാം അവന്റെ സാന്നിധ്യത്തിലാണെന്ന് നമുക്കെങ്ങനെ അറിയാം? ഉള്ളിൽനിന്നും, നമുക്കും ദൈവത്തിനുമിടയിൽ യാതൊരു അകലവും ഇല്ലെന്ന് നാം തിരിച്ചറിയുന്നതിനാലും നമുക്കത് അറിയാം. നാം മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ നല്ലദേശത്തിലെ വിളവിന്റെ മുന്തിയ പങ്കായി ആസ്വദിക്കുന്നുവെന്ന ആഴത്തിലുള്ള ആന്തരികബോധത്താലും നമുക്കതറിയാം. ഇതാണ് മറഞ്ഞിരിക്കുന്ന മന്ന. കർത്താവിന് സ്തോത്രം!